# <u>പത്രക്കുറിപ്പ്</u>

20.02.2019

കോട്ടയം

കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ കുടുംബശ്രീ, വനിതാ കർഷകരുടെ റൈസ് ബ്രാന്റ് 'ഗ്രാമശ്രീ 'യാഥാർത്ഥ്യത്തിലേക്ക് .

കോട്ടയം: കാർഷിക മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച് മുന്നോട്ട് കുതിക്കുന്ന കുടുംബശ്രീ, ജില്ലയിലെ വനിതാ കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ വഴിയൊരുക്കുന്നു. കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ മഹിളാ കിസാൻ സ്വശാക്തീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക ഗ്രാമമായ വെച്ചൂർ പഞ്ചായത്തിലെ പാടശേഖരങ്ങളിലെ നെല്ല് വനിതാ കർഷകരുടെ നേതൃത്വത്തിൽ പരമ്പരാഗത രീതിയിൽ പുഴുങ്ങി, ഉണങ്ങി ഗുണമേന്മയോടെ വിപണിയിലെത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഗ്രാമശ്രീ എന്ന പേരിൽ വിപണിയിൽ എത്തിക്കുന്ന അരി ആദ്യഘട്ടത്തിൽ കുടുംബശ്രീയുടെ വിപണന കേന്ദ്രങ്ങളിലൂടെയും, നാട്ടുചന്തകളിലൂടെയുമാണ് വിറ്റഴിക്കുക.

കാർഷിക മേഖലയ്ക്ക് ഊർജം പകരുന്ന പദ്ധതിയാണ് ജില്ലാ മിഷന്റെ നേതൃത്വത്തിൽ അരി വിപണിയിൽ എത്തിക്കുന്നതിലൂടെ നടപ്പിലാകുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമായ 'നെല്ലുപുഴുങ്ങൽ ഉത്സവം' കാർഷിക കലാമേളയുടെ അകമ്പടിയോടെ വെച്ചൂരിലെ ഇരുട്ടുംപുറം പാടശേഖരത്തിൽ വ്യാഴാഴ്ച (21.02.2018) ഉച്ചയ്ക്ക് 2 മണിക്ക് സി.കെ ആശ എം.എൽ.എ നിർവഹിക്കും. വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ശകുന്തള ,ബ്ലോക്ക് പഞ്ചായത്ത് പ്രിസിഡന്റ് എം.വൈ ജയകുമാരി, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ എ.കെ രഞ്ജിത്ത് ,കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ പി.എൻ സുരേഷ്, ജനപ്രതിനിധികൾ, പ്രാദേശിക കർഷകർ, സംഘകൃഷി ഗ്രൂപ്പ് അംഗങ്ങൾ , കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ജില്ലാ മിഷൻ കോർഡിനേറ്റർ